**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 180** **22-02-2022 - ൽ മറുപടിയ്ക്ക്**

**പെരിങ്ങോം താലൂക്ക് ഹോസ്പിറ്റലിന് പുതിയ കെട്ടിടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | പയ്യന്നൂർ മണ്ഡലത്തിലെ പെരിങ്ങോം താലൂക്ക് ആശുപത്രിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് നബാർഡ് പദ്ധതിയിൽ അനുവദിച്ച 12 കോടി രൂപയുടെ നിർമ്മാണ പ്രവൃത്തി ആരംഭിക്കാൻ കാലതാമസം നേരിടുന്നത് എന്തുകൊണ്ടാണ് എന്ന് വിശദമാക്കാമോ; | (എ) | പെരിങ്ങോം താലൂക്ക് ആശുപത്രിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി 12 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത കെട്ടിട നിർമ്മാണത്തിനായി തയ്യാറാക്കിയ പ്ലാനിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി ആശുപത്രിക്കാവശ്യമായ പരമാവധി സൗകര്യങ്ങൾ ഉൾപ്പെടുത്തി പുതിയ ഡിസൈൻ തയ്യാറാക്കുവാൻ ബഹു. എം.എൽ.എ യുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ആവശ്യപ്പെട്ടതനുസരിച്ച് പുതിയ ഡിസൈൻ തയ്യാറാക്കിവരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ സാങ്കേതികാനുമതി കിട്ടുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുവാൻ കഴിയുന്നതാണ്. |
| (ബി) | നിർമ്മാണ പ്രവൃത്തി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്? | (ബി) | പെരിങ്ങോം താലൂക്ക് ആശുപത്രിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി 12 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത കെട്ടിട നിർമ്മാണത്തിനായി തയ്യാറാക്കിയ പ്ലാനിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി ആശുപത്രിക്കാവശ്യമായ പരമാവധി സൗകര്യങ്ങൾ ഉൾപ്പെടുത്തി പുതിയ ഡിസൈൻ തയ്യാറാക്കുവാൻ ബഹു. എം.എൽ.എ യുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ആവശ്യപ്പെട്ടതനുസരിച്ച് പുതിയ ഡിസൈൻ തയ്യാറാക്കിവരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ സാങ്കേതികാനുമതി കിട്ടുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുവാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ